**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 31** **22-02-2022 - ൽ മറുപടിയ്ക്ക്**

**കേരളത്തിൽ AIIMS**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ AIIMS (ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) ആരംഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാവുന്നതാണെന്ന് ജനുവരി 2017-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. AIIMS സ്ഥാപിക്കുന്നതിലേക്കായി ടി സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേക്കായുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.കിനാലൂർ-കാന്തലാട് വില്ലേജിൽ ഉൾപ്പെട്ട 40.6802ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08/02/2022-ൽ സ.ഉ(സാധാ)നം.565/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടികാഴ്ചയിലും ആഗസ്ത് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ഈ ആവശ്യം അവതരിപ്പിച്ചിട്ടുണ്ട്.കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രിയ്ക്ക് അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. |
| (ബി) | ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള അറിയിപ്പ് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ടോ? | (ബി) | കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാവുന്നതാണെന്ന് ജനുവരി 2017-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. AIIMS സ്ഥാപിക്കുന്നതിലേക്കായി ടി സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേക്കായുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചു വരികയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നുണ്ട്.കിനാലൂർ-കാന്തലാട് വില്ലേജിൽ ഉൾപ്പെട്ട 40.6802ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08/02/2022-ൽ സ.ഉ(സാധാ)നം.565/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടികാഴ്ചയിലും ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ഈ ആവശ്യം അവതരിപ്പിച്ചിട്ടുണ്ട്.കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രിയ്ക്ക് അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ